# ഒരു ബാലമനസ്സിലെ ക്രിസ്ത്മസ് സ്മരണകൾ 1950 കളിലൂടെ

എൽസി യോഹന്നാൻ ശങ്കരത്തിൽ, ന്യൂയോർക്ക്

വെളുപ്പാൻ കാലത്ത് ഉറക്കച്ചടവോടെ ചെരുപ്പിടാത്ത കൊച്ചുകാലുകൾ പെറുക്കി വച്ച് കല്ലും മണ്ണും നിറഞ്ഞ പാതയിലൂടെ ക്രിസ്ത്മസ് ശുശ്രൂഷകൾക്കായി രണ്ടര മൈലുകൾ അകലെയുള്ള ദേവാലയത്തിലേക്കുള്ള യാത്ര. ചൂട്ടുകറ്റ കത്തിച്ചു പിടിച്ച് മുതിർന്നവരുടെ നേതൃത്വത്തിൽ ആ യാത്ര തുടരുമ്പോഴേയ്ക്കും മറ്റു ഭവനക്കാരും യോജിക്കുന്നതിനാൽ യാത്രയിലെ അംഗസംഖ്യ ഏറിവരും. അർദ്ധരാത്രിയിലെ ചെറുതണുപ്പും നേരിയ നിലാവും തീർത്ഥയാത്രാ സംഘത്തിന്റെ ക്രിസ്ത്മസ് ഗാനാലാപവും ആനന്ദപ്രദമായ അനുഭവമായിരുന്നു. ദേവാലയത്തിലെ തീജ്വാലാ ശുശ്രൂഷയ്ക്കു മമ്പേ എത്താനായുള്ള ആവേശത്തോടെയാണ് യാത്ര. ദേവാലയത്തിന്റെ പടിഞ്ഞാറുഭാഗത്തു മുറ്റത്തൊരുക്കിയ കുരിശാകൃതിയിലുള്ള കുഴിയിലെ തീജ്വാലയിലേക്കിടുവാനായി ഓശാനപ്പെരുനാളിന്നു വീട്ടിലേക്കു കൊണ്ടുപോയ കുരുത്തോല കയ്യിൽ കരുതിയിരിരുന്നത് ജ്വാലയിൽ ഇട്ട് അടുത്തു നിന്ന് ആ തീ കായുന്ന ആനന്ദം. മുതിർന്നവരുടെ കയ്യിൽ മാത്രമേ അന്നൊക്കെ ആരാധനാപ്പുസ്തകങ്ങൾ ഉണ്ടായിരുന്നുള്ളു, കുട്ടികൾ കേട്ടു ചൊല്ലുകയേ ചെയ്തിരുന്നുള്ളു. അടുക്കും ചിട്ടയുമൊന്നുമറിയാതെ അങ്ങു പാടും. ദേവാലയത്തിൽ കയറ്റുപാ നിരത്തിയിട്ടുണ്ടാവും, കുട്ടികൾ ചിലരൊക്കെ മൂലകളിൽ മെല്ലെ സുഖനിദ്രയിലാഴും. നേരം വെളുക്കും മുമ്പ് ക്രിസ്ത്മസ് ശുശ്രൂഷകൾ കഴിഞ്ഞുള്ള മടക്കയാത്രയ്ക്ക് ആവേശം കൂടുതലായിരുന്നു. അങ്ങോട്ടു പോയ കൂട്ടം പിരിഞ്ഞാണ് മടക്കയാത്ര, വേഗം കൂടുതലാണ് നടത്തത്തിന്. വീട്ടിലെത്തുമ്പോൾ അപ്പവും താറാവുകറിയും കേയ്ക്കും കഴിക്കാമെന്ന ആശയും വിശപ്പുമാണ് വേഗതയുടെ പിന്നിൽ.പള്ളിയിൽ പോയിട്ടുവരുമ്പോഴേയ്ക്കു കഴിയ്ക്കുവാൻ രാവിലെ പാലപ്പവും ഒക്കെ ഉണ്ട് എന്നു പറഞ്ഞാണ് രാത്രിയിൽ യാത്രയാകുന്നത്.

വൈദുതിയും പൈപ്പുവെള്ളവും ടെലഫോണും ഒന്നും എത്തിനോക്കിയില്ലാത്ത തെക്കൻ കേരളത്തിലെ ഒരു നാട്ടിൻപുറം. വയലേലകളിലെ ഞാറ്റുപാട്ടും ,കാളപൂട്ടും, തോട്ടിലെ നീരാട്ടിന്നോളവും , പ്രഭാതങ്ങളെ ഉണർത്തിയ കളകൂജനാരവും അലയടിച്ച ഗ്രാമാരാമം. പാടങ്ങളും തെങ്ങും കമുകും കപ്പയും നിറഞ്ഞ കൃഷിത്തോപ്പുകളും സ്നേഹവും കഠിനാദ്ധ്വാനവും കൈമുതലായുള്ള ജനവിഭാഗമിയലും ഗ്രാമീണശാന്തി. സാന്ധ്യശാന്തതയിൽ മിന്നാമിനുങ്ങു വെട്ടം പോലെ കത്തിയിരുന്ന മണ്ണെണ്ണ വിളക്കുകളും , അന്തരീക്ഷത്തിൽ അലയടിച്ചുയർന്നിരുന്ന രാമരാമജപം, പ്രാർത്ഥനാ ഗീതികൾ, ബാങ്കുവിളികൾ എന്നിവയേകിയ ശാന്തിമന്ത്രണവും എന്റെ ഗ്രാമീണവിശുദ്ധി വർദ്ധകങ്ങളായ് വിളങ്ങിയിരുന്നു.

രണ്ടു മൈലുകൾ അകലെയുള്ള സ്ക്കൂളിൽ നിന്നും ക്രിസ്ത്മസ് അവധി ലഭിക്കുന്നത് കുട്ടികൾ ആർത്തിയോടെ നോക്കിപ്പാർത്തിരുന്നു. അവധി കിട്ടിയാലുടൻ ഈറയും ഈർക്കിലും ചീകി വർണ്ണക്കടലാസ് അരിമാവു പശയുണ്ടാക്കി ഒട്ടിച്ച് സ്റ്റാർവിളക്കുകളും മറ്റും ഉണ്ടാക്കുക വീട്ടിലെയും അയൽവീട്ടിലെയും കുട്ടികളുടെ ഹരമായിരുന്നു. തോരണങ്ങളൊട്ടിച്ച് മുറ്റവും പരിസരവും ഒരുക്കി യേശുക്കുഞ്ഞിന്റെ വരവേല്പിനായുള്ള ആഘോഷം. ഇരുപത്തഞ്ചു ദിവസത്തെ നോമ്പാചരണത്തോടെയുള്ള കാത്തിരിപ്പാണ്. മാട്ടിറച്ചിയും താറാവുകറിയും കോഴിക്കറിയും ഒക്കെ കൊതിയൂറ്റുന്ന വിഭവങ്ങളായി ഗ്രാമത്തിലെങ്ങും ഇറച്ചിവെട്ടിന്റെയും ഒരു ചെറിയ മേളതന്നെയായിരുന്നു ക്രിസ്തുമസ്. ഇന്നത്തെപ്പോലെ ബേക്കറിസാധനങ്ങളൊന്നും

ലഭ്യമല്ലാതിരുന്ന ഗ്രാമഭവനങ്ങളിൽ കേയ്ക്കുണ്ടാക്കലും മിക്ക ഭവനങ്ങളിലെയും അമ്മമാരും മക്കളും ചേർന്നുള്ള ഒരു വിനോദം തന്നെയായിരുന്നു. വലിയ നോമ്പു വീടലിനും ക്രിസ്ത്മസിനും നല്ല മൂരികുട്ടന്മാരെ അറുത്ത് ഒരു പങ്ക് ഇറച്ചി അഥവാ രണ്ടു കിലോഗ്രാമിനു രണ്ടു രൂപയിൽ താഴെ വില വച്ചു് ചെറിയ മൂലക്കച്ചവടങ്ങൾ നടക്കുമ്പോൾ അന്നൊക്കെ അവിടേക്ക് തിരക്കോടെ ആളുകളെത്തും. ആ നല്ല പച്ചയിറച്ചി കറിവയ്ക്കുമ്പോഴുള്ള സൗരഭ്യം അയൽ വീടുകളിലേക്കും വ്യപിക്കുമ്പോഴേയ്ക്കും നാവിൽ കൊതിയൂറിയാണ് സമയം പോക്കുക. തലേ ദിവസം വൈകിട്ട് വീട്ടമുറ്റത്തെ തെങ്ങു ചെത്തി കള്ളുമായി വരുന്ന ചെത്തുകാരന്റെ പക്കൽ നിന്നും അപ്പത്തിനുള്ള കള്ളുവാങ്ങിക്കൊണ്ടുവരവും, ക്രിസ്തുമസിന് ചില വീടുകളിൽ ഗൃഹനാഥന്മാർ അല്പമൊന്നു മിനുങ്ങാനും തലേ ദിവസമേ കുറച്ചു പാനീയം കരുതിയിരിയ്ക്കും. ആകെ ഒരു ഉത്സവപ്രതീതിയും തകൃതിയും. അടുത്ത ബന്ധുക്കളുടെ വരവും ക്രിസതുമസ് ദിനത്തിൽ ഉണ്ടാകുമെന്നതുകൊണ്ട് കുറച്ചേറെ ഭക്ഷണം തയ്യാറാക്കിയിട്ടുണ്ടാവും. ഫോൺ വിളിച്ചു് നേരത്തേ കൂട്ടി അറിയിക്കാനുള്ള സൗകര്യം ഇല്ലാതിരുന്നതിനാൽ ആര് എപ്പോഴെത്തും എന്നൊന്നും പ്രതീക്ഷിക്കാതെ പെട്ടെന്നാണ് വിരുന്നുകാർ വന്നെത്തുക. അന്നൊക്കെ വീടു നിറയെ കുട്ടികളായിരുന്നു ഓരോ വീട്ടിലും. വീട്ടിലുണ്ടാക്കുന്ന ഭക്ഷണം എന്തായാലും കുട്ടികൾ മത്സരിച്ചു കഴിച്ചിരുന്നതും, വീട്ടുജോലികൾ ഓരോരുത്തരുടെയും പങ്ക് മടികൂടാതെ ചെയ്തിരുന്നതും മാതാപിതാക്കൾക്ക് സമാധാനം നൽകിയിരുന്നു. പരസ്പര സ്നേഹം, മുതിർന്നവരോടുള്ള ബഹുമാനം വീട്ടിലെ വിഷമതകൾ അറിഞ്ഞു ജീവിക്കുവാനുള്ള തയ്യാർ, വെവ്വേറെ മുറികളിലല്ലാതെ, ഉള്ള സ്ഥലത്തു കിടന്നുറങ്ങുകയും, രാത്രിയും രാവിലെയും മാതാപിതാക്കളോടൊപ്പം തറയിൽ നിരത്തിയിട്ട പുൽപ്പായിലിരുന്ന് മെഴുകുതിരി കത്തിച്ച് ഒരുമിച്ചു പ്രാർത്ഥിക്കയും, വീട്ടിലുള്ളത് പരസ്പരം പങ്കുവയ്ക്കുകയും വളരെ മിതമായി മാത്രം ഉണ്ടായിരുന്ന വസ്ത്രങ്ങൾ സ്വയം കഴുകി ഉണക്കി ചിരട്ടക്കരി കത്തിച്ചിട്ട ഓട്ടു തേപ്പുപെട്ടികൊണ്ടു തേച്ചു് ഉപയോഗിക്കയും ഒക്കെ ചെയ്തിരുന്ന ആ ഒരു കാലം.

ഇന്ന് ഗ്രാമങ്ങളെ പട്ടണങ്ങൾ ആദേശം ചെയ്കയും, വിദേശാദേശങ്ങൾ വർദ്ധിക്കയും ചെയ്തിരിക്കുന്ന ആധുനികയുടെ അതിപ്രസരത്തിൽ നോമ്പിന്റെയും ക്രിസ്ത്മസിന്റെയും വിശുദ്ധിക്കും ആചരണങ്ങൾക്കും മങ്ങലേറ്റിട്ടുണ്ടോ എന്നു സംശയിക്കുന്നു. ഈ ക്രിസ്ത്മസ് ദിനങ്ങൾ സന്തോഷവും സമാധാനവും വിനയവും ദൈവഭക്തിയും നമ്മിൽ നിറയ്ക്കട്ടെ ! അനുഗ്രഹവും ആനന്ദവും നിറഞ്ഞ ക്രിസ്ത്മസ്സും പുതുവത്സരാശംസകളും എന്റെ എല്ലാ മാന്യ വായനക്കാർക്കും അർപ്പിക്കട്ടെ !

കന്യകാ മലർത്തയ്യാൾ മധുപം തീണ്ടാത്തൊരാ
മാനവാസ്പർശയായ കാനന സല്ലതിക
വിശ്വേശ വരം തീർത്തോരഭൗമ ഗർഭം പൂണ്ടു
വിശ്വപ്രദീപ്തദിവ്യ ശ്രീകരൻ ജന്യനായി.

‘സർവ്വേശനുന്നതത്തിൽ മഹത്വം മഹിയിങ്കൽ
ദൈവപ്രസാദമാർന്ന മർത്യർക്കു സംപ്രീതിയും’
ദൈവമേ പാപികളാം ഞങ്ങളുമർത്ഥിപ്പിതേ
ഭവ്യദായകാ കൃപ ഞങ്ങളിൽ കാട്ടീടുകേ!

12/25/2015